**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 27** | **01-02-2023 - ൽ മറുപടിയ്ക്ക്**

**സാർവത്രിക ആരോഗ്യ പരിരക്ഷ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . കെ .ഡി .പ്രസേനൻ ,<br>ശ്രീ സി എച്ച് കുഞ്ഞമ്പു,<br>ശ്രീ. പി.വി. ശ്രീനിജിൻ,<br>ശ്രീ. എം.വിജിൻ | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് സാർവത്രിക ആരോഗ്യ പരിരക്ഷ ഉറപ്പുവരുത്തുന്നതിന് സർക്കാർ നടത്തുന്ന പ്രധാന പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ; | (എ) | **സംസ്ഥാനത്ത് സാർവത്രിക ആരോഗ്യ പരിരക്ഷ ഉറപ്പുവരുത്തുന്നതിന്റെ ഭാഗമായി കാരുണ്യ ആരോഗ്യസുരക്ഷാ പദ്ധതി (KASP), കാരുണ്യ ബനവലന്റ് ഫണ്ട്, മെഡിസെപ് എന്നീ ചികിത്സാ സഹായ പദ്ധതികൾ നിലവിൽ നടപ്പിലാക്കി വരുന്നുണ്ട് KASP-ൽ അംഗത്വം ലഭിക്കാൻ അർഹതയുണ്ടായിട്ടും ഒഴിവായിപ്പോയിട്ടുള്ളവരെ ഈ പദ്ധതിയിൽ ഉൾപ്പെടുത്താൻ കഴിയുമോ എന്ന കാര്യവും, ഇതിനുപുറമെ ആരോഗ്യപരിരക്ഷ ലഭ്യമല്ലാത്ത എത്ര കുടുംബങ്ങൾ ഉണ്ടെന്നും അവർക്കുകൂടി ചികിത്സാ പരിരക്ഷ ഏർപ്പെടുത്താൻ കഴിയുമോ എന്നതും സർക്കാർ പരിശോധിച്ചു വരുന്നുണ്ട്.**<br><br>**മേൽപ്പറഞ്ഞ പദ്ധതികൾ സംബംന്ധിച്ച വിശദശാംശവും സർക്കാർ നടപ്പിലാക്കി വരുന്ന മറ്റ് ആരോഗ്യ പദ്ധതികൾ ചുവടെ ചേർക്കുന്നു.**<br><br>**<u>1. കാരുണ്യ ആരോഗ്യസുരക്ഷാ പദ്ധതി (KASP)</u>**<br><br>**സംസ്ഥാനത്ത് പൊതുജനാരോഗ്യ സംരക്ഷണ മേഖലയിൽ സാർവത്രിക ആരോഗ്യ പരിരക്ഷ ലക്ഷ്യമാക്കി കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി 2019 ഏപ്രിൽ മാസം മുതൽ സംസ്ഥാന സർക്കാർ നടപ്പിലാക്കി വരുന്നു. അന്നേവരെ നിലവിൽ ഉണ്ടായിരുന്ന RSBY, CHIS, CHIS Plus എന്നീ പദ്ധതികൾ സംയോജിപ്പിച്ചാണ് (KASP) അഥവാ** |

കാരുണ്യ ആരോഗ്യസുരക്ഷാ പദ്ധതി രൂപീകരിച്ചത്. 2018-19 കാലഘട്ടത്തിൽ RSBY, CHIS അംഗത്വം പുതുക്കിയവർ, 2011-ലെ SECC സെൻസസിൽ അർഹത നേടിയവർ ഈ പദ്ധതിയുടെ ഗുണഭോക്താക്കളാണ്.

കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതിയിൽ ആകെ 42 ലക്ഷം കുടുംബങ്ങളാണ് ഗുണഭോക്താക്കളായി രജിസ്റ്റർ ചെയ്തിട്ടുള്ളത്.

കാരുണ്യ ആരോഗ്യ പദ്ധതിയുടെ അർഹരായ കുടുംബത്തിന് ഒരുവർഷം പരമാവധി 5 ലക്ഷം രൂപയുടെ ചികിൽസാ ആനുകൂല്യം ഈ പദ്ധതിയിൽ എംപാനൽ ചെയ്യപ്പെട്ട എല്ലാ പൊതു- സ്വകാര്യ ആശുപത്രികൾ വഴി ലഭിക്കുന്നതാണ്. സർക്കാർ-സ്വകാര്യ ആശുപത്രികൾ ഉൾപ്പടെ പദ്ധതിയിൽ എംപാനൽ ചെയ്ത ആശുപത്രികളുടെ എണ്ണം നിലവിൽ 761 ആണ്.

ചികിത്സാ ആനുകൂല്യങ്ങളിൽ കാസ്പ് പാക്കേജുകൾ അനുസരിച്ച് ദ്വിതീയ, തൃതീയ പരിചരണം, 26 സ്പെഷ്യലിറ്റികളിൽ 1675 പാക്കേജുകൾ, എല്ലാ പാക്കേജുകളിലും ഹോസ്പിറ്റലൈസേഷൻ ചാർജുകൾ/ ഡേ കെയർ സിറ്റിംഗ് ചാർജുകൾ ഉൾപ്പെടുന്നു. 15 ദിവസത്തെ ഡിസ്ചാർജിനു ശേഷമുള്ള മരുന്നുകൾ ഉൾപ്പെടെ നൽകുന്നു.

2. കാരുണ്യ ബനവലന്റ് ഫണ്ട്

നിലവിൽ കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതിയിൽ ഉൾപ്പെടാത്ത എന്നാൽ 3 ലക്ഷം രൂപ വരെ വാർഷിക വരുമാനമുള്ള രോഗികൾക്ക് APL/BPL വ്യത്യാസമില്ലാതെ ചികിത്സാ സഹായം നൽകുന്ന പദ്ധതിയാണിത്. 2 ലക്ഷം രൂപയാണ് ഈ പദ്ധതി മുഖേന നൽകി വരുന്ന ചികിത്സാനുകൂല്യം. വൃക്ക സംബന്ധമായ രോഗങ്ങൾക്ക് 3 ലക്ഷം രൂപ വരെ ചികിത്സാനുകൂല്യം നൽകുന്നതാണ്.

3. മെഡിസെപ്

കേരളത്തിലെ സർക്കാർ ജീവനക്കാർക്കും പെൻഷൻകാർക്കും ആരോഗ്യ സുരക്ഷാ ഉറപ്പാക്കാനുള്ള സർക്കാരിന്റെ ഇൻഷുറൻസ് പദ്ധതി. ഈ പദ്ധതി പ്രകാരം ഒരു വർഷം

| | | | |
|---|---|---|---|
| | | | **പരമാവധി 3 ലക്ഷം രൂപയുടെ ആനുകൂല്യം ലഭ്യമാക്കുന്നതാണ്.**<br><br>**4. മറ്റു പദ്ധതികൾ**<br><br>**i) 18 വയസിൽ താഴെയുള്ള കുട്ടികൾക്കുള്ള പ്രത്യേക പദ്ധതികളായി ആരോഗ്യ കിരണം, RBSK, ഹൃദ്യം, താലോലം, ക്യാൻസർ സുരക്ഷാ സ്കീം, മിഠായി.**<br><br>**ii) ഹീമോഫീലിയ,സിക്കിൾ സെൽ അനീമിയ, തലസ്സീമിയ രോഗചികിത്സയ്ക്കായി ആശാധാര പദ്ധതി.**<br><br>**Iii) ഗർഭിണികൾക്കുള്ള ചികിത്സയ്ക്കായി JSSK, സുമൻ, മാതൃയാനം പദ്ധതികൾ.**<br><br>**iv) പട്ടികവർഗ്ഗക്കാർക്കായി സമഗ്ര ആരോഗ്യ സുരക്ഷാ പദ്ധതി**<br><br>**v) അന്യ സംസ്ഥാന തൊഴിലാളികൾക്കായി ആവാസ് പദ്ധതി.** |
| (ബി) | കാരുണ്യ ആരോഗ്യ സുരക്ഷ പദ്ധതിയിൽ കേന്ദ്ര സർക്കാർ അറുപത് ശതമാനം തുക നൽകുന്നുവെന്ന പ്രചാരണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ; | (ബി) | കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതിയിൽ ആകെ 42 ലക്ഷം കുടുംബങ്ങളാണ് രജിസ്റ്റർ ചെയ്തിട്ടുള്ളത്. എന്നാൽ ഇതിൽ 21.5 കുടുംബങ്ങൾക്ക് മാത്രമാണ് 60:40 അനുപാതത്തിൽ കേന്ദ്ര സഹായം ലഭ്യമാകുന്നത്. അതിൽ തന്നെ ഒരു കുടുംബത്തിന് 1052/- രൂപ പ്രീമിയം എന്ന രീതിയിൽ കണക്കാക്കി അതിന്റെ 60% ആയ 631.2/- രൂപ നിരക്കിൽ ആകെ 138 കോടി രൂപാ മാത്രമാണ് ഒരു സാമ്പത്തിക വർഷത്തിൽ കേന്ദ്ര വിഹിതമായി പദ്ധതിക്ക് ലഭിക്കുന്നത്. എന്നാൽ 2021-22 സാമ്പത്തിക വർഷത്തിൽ മാത്രം 1400 കോടി രൂപ ഈ പദ്ധതിക്കായി ചെലവഴിച്ചതിൽ 1262 കോടി രൂപയും സംസ്ഥാന സർക്കാർ ആണ് വഹിച്ചത്. ഫലത്തിൽ ഈ പദ്ധതിയുടെ നടത്തിപ്പിനായി ചെലവുവരുന്ന തുകയുടെ 90% സംസ്ഥാന സർക്കാരാണ് നിലവിൽ ചെലവഴിക്കുന്നത്. ഈ സാമ്പത്തികവർഷം 800 കോടി രൂപ ഇതിനകം തന്നെ സംസ്ഥാന സർക്കാർ അനുവദിച്ചുകഴിഞ്ഞു. |
| (സി) | ഈ പദ്ധതിയിൽ എത്ര കുടുംബങ്ങൾ ഗുണഭോക്താക്കളായി ഉണ്ട്; ഇതിൽ എത്ര കുടുംബങ്ങളുടെ ആരോഗ്യ പരിരക്ഷക്കായി കേന്ദ്ര സർക്കാർ വിഹിതം ലഭ്യമാക്കുന്നുണ്ടെന്ന് അറിയിക്കാമോ; | (സി) | കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതിയിൽ ആകെ 42 ലക്ഷം കുടുംബങ്ങളാണ് രജിസ്റ്റർ ചെയ്തിട്ടുള്ളത്. എന്നാൽ ഇതിൽ 21.5 ലക്ഷം കുടുംബങ്ങൾക്ക് മാത്രമാണ് 60:40 അനുപാതത്തിൽ കേന്ദ്ര സഹായം ലഭ്യമാകുന്നത്. അതിൽ തന്നെ ഒരു കുടുംബത്തിന് 1052/- രൂപ പ്രീമിയം എന്ന രീതിയിൽ കണക്കാക്കി |

| | | | |
|---|---|---|---|
| | | | അതിന്റെ 60% ആയ 631.2/- രൂപ നിരക്കിൽ ആകെ 138 കോടി രൂപ മാത്രമാണ് ഒരു സാമ്പത്തിക വർഷത്തിൽ കേന്ദ്ര വിഹിതമായി പദ്ധതിക്ക് ലഭിക്കുന്നത്. |
| (ഡി) | കഴിഞ്ഞ സാമ്പത്തിക വർഷം പ്രസ്തുത പദ്ധതിയിൽ ആകെ എത്ര രൂപ ചെലവഴിച്ചെന്നും അതിൽ കേന്ദ്ര, സംസ്ഥാന വിഹിതം എത്ര വീതമായിരുന്നു എന്നുമുള്ള കണക്ക് ലഭ്യമാണോ; എങ്കിൽ അറിയിക്കാമോ; പ്രസ്തുത പദ്ധതിയിൽ കൂടുതൽ കുടുംബങ്ങളെ ഉൾപ്പെടുത്തുന്നതിന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിരുന്നോ; വ്യക്തമാക്കുമോ? | (ഡി) | 2021-22 സാമ്പത്തിക വർഷത്തിൽ 1400 കോടി രൂപ ഈ പദ്ധതിക്കായി ചെലവഴിച്ചതിൽ 1262 കോടി രൂപ സംസ്ഥാന സർക്കാർ ആണ് വഹിച്ചത്. 138 കോടി രൂപയാണ് കേന്ദ്ര സഹായമായി കഴിഞ്ഞ സാമ്പത്തിക വർഷം ലഭ്യമായത്. ഫലത്തിൽ ഈ പദ്ധതിയുടെ നടത്തിപ്പിനായി ചെലവഴിക്കുന്ന തുകയുടെ 90% സംസ്ഥാന സർക്കാരാണ് നിലവിൽ വഹിക്കുന്നത്.<br><br>ഈ സാമ്പത്തികവർഷം 800 കോടി രൂപ ഇതിനകം തന്നെ സംസ്ഥാന സർക്കാർ സ്റ്റേറ്റ് ഹെൽത്ത് ഏജൻസിക്ക് അനുവദിച്ചുകഴിഞ്ഞു.<br><br>കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതിയുടെ ഗുണഭോക്താക്കളായി നാഷണൽ ഫുഡ് സെക്യൂരിറ്റി ആക്ട് (NFSA) പദ്ധതി പ്രകാരം ഉള്ള AAY, PHH കുടുംബങ്ങളെ പൂർണ്ണമായും ഈ പദ്ധതിയിൽ ഉൾപ്പെടുത്തണമെന്നും ആയതിനു ചെലവുവരുന്ന മുഴുവൻ തുകയുടെ 60:40 അനുപാതത്തിൽ കേന്ദ്ര വിഹിതം അനുവദിക്കണമെന്നും സംസ്ഥാനം കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിരുന്നു. ഇക്കാര്യം സംബന്ധിച്ച് കേന്ദ്രസർക്കാർ തത്വത്തിൽ അനുമതിനൽകിയെങ്കിലും നിലവിലുള്ള കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതിയുടെ ഭാഗമായി അനുവദിക്കുന്നതുപോലെ 21.57 ലക്ഷം കുടുംബങ്ങൾക്കു മാത്രമായി പ്രതിവർഷം 138 കോടി രൂപ മാത്രമേ നൽകുകയുള്ളൂ എന്നാണ് നാഷണൽ ഹെൽത്ത് അതോറിറ്റി അറിയിച്ചിട്ടുള്ളത്. ഈ വിഷയത്തിൽ സംസ്ഥാന സർക്കാർ ആവശ്യപ്പെട്ട പ്രകാരമുള്ള കുടുംബങ്ങളെ പൂർണ്ണമായും ഉൾപ്പെടുത്തുന്നതിനും അർഹതപ്പെട്ട വിഹിതം പൂർണ്ണമായും ലഭ്യമാക്കുന്നതിനും വേണ്ടിയുള്ള ഇടപെടലുകൾ കേന്ദ്ര സർക്കാരിലും, നാഷണൽ ഹെൽത്ത് അതോറിറ്റിയിലും നിരന്തരം നടത്തി വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ